# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3177
## 11.05.2017- ലെ മറുപടിക്ക്

## ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി

| ചോദ്യം<br>**ശ്രീ.എ.എൻ.ഷംസീർ** | ഉത്തരം<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| (എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ **2016-17** വർഷത്തെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ എന്തെന്നു വ്യക്തമാക്കുമോ;<br>(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട്; ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെന്നും അതിന്റെ നിലവിലുള്ള അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ; | 2016-17 സാമ്പത്തിക വർഷം ശുപാർശ ചെയ്ത 9 പ്രവൃത്തികളിൽ ഒന്നിനും ഇതുവരെ ഭരണാനുമതി നൽകിയിട്ടില്ല. <u>ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.</u> 2016-17 സാമ്പത്തിക വർഷം ലഭ്യമായ ശുപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റും അനുബന്ധരേഖകളും ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി ഇവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിനു കാരണം എന്തെന്ന് വ്യക്തമാക്കുമോ; അടിയന്തരമായി ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ടും അനുബന്ധരേഖകളും സമയബന്ധിതമായി ഭരണവകുപ്പുകളിൽ ലഭ്യമാകാത്തതാണ് കാലതാമസത്തിനു കാരണം.<br>2016-17 സാമ്പത്തിക വർഷം ലഭ്യമായ ശുപാർശകളിൽ ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിനായി എസ്റ്റിമേറ്റുകൾ എത്രയും വേഗം നൽകുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പ് സെക്രട്ടറിമാർക്കും നിർവ്വഹണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

## തലശ്ശേരി നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതി -2016-17

| ക്രമ നം. | പ്രോജക്റ്റ് . ഐ.ഡി.നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക (ലക്ഷം) |
|---|---|---|---|
| 1 | 1503 | തീയേറ്റർ കോംപ്ലക്സ്- ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി | 150.00 |
| 2 | 1505 | തലശ്ശേരി - മുകുന്ദൻ ജംഗ്ഷൻ മട്ടാമ്പ്രം പള്ളി റോഡ് ഇന്റർലോക്ക് | 100.00 |
| 3 | 1507 | എല്ലാതും സ്കൂളിനൊപ്പം - വിദ്യാലയങ്ങളുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനുള്ള നൂതന പദ്ധതികൾ | 50.00 |
| 4 | 1837 | ഗവൺമെന്റ് കോളേജ് തലശ്ശേരി (ചൊക്ലി) താൽക്കാലിക കെട്ടിടത്തിന് അനുബന്ധ പ്രവൃത്തികൾ | 25.00 |
| 5 | 2294 | 4 – ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വിവിധ സ്ഥലങ്ങൾ, തലശ്ശേരി | 20.00 |
| 6 | 2322 | ചാടാലപ്പുഴ – പന്ന്യന്നൂർ - കുടിവെള്ള പദ്ധതി | 25.00 |
| 7 | 2330 | അംഗപരിമിതർക്ക് മുച്ചക്രവാഹനം എന്ന പദ്ധതി | 10.00 |
| 8 | 2333 | രാജാസ് കല്ലായി - ഹോമിയോ ഡിസ്പെൻസറി കണക്ഷൻ റോഡ് | 10.00 |
| 9 | 2334 | സെല്ലേരിപ്പറമ്പ് - കോട്ടായി കുലോം റോഡ് നവീകരണം | 10.00 |
| | | **ആകെ തുക** | 400.00 |